**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3447** **26-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിൽ ഭൂമി തരംമാറ്റുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ഭൂമി തരം മാറ്റുന്നതിനായി ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകൾ തീർപ്പാക്കാതെ നിലവിലുണ്ടെന്ന് വിശദമാക്കാമോ; ഇത്തരം അപേക്ഷകളിന്മേൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | തിരുവനന്തപുരം ജില്ലയിൽ ഭൂമി തരം മാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ, 19.06.2024 തീയതിവരെ ആകെ 16317 (ഓൺലൈൻ-16232, ഓഫ് ലൈൻ-85) അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നു.<br><br>റിപ്പോർട്ടുകൾ/രേഖകൾ മുതലായവ പൂർണ്ണമായും ലഭ്യമായിട്ടുള്ള അർഹതപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന് അനാവശ്യ കാലതാമസം വരുത്തരുതെന്ന്, അവലോകനയോഗം കൂടി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ 2008-ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ പുതിയ ഭേദഗതിയനുസരിച്ച് 2 ആർ.ഡി.ഓ/സബ് കളക്ടർ ഓഫീസുകളിൽ മാത്രം നടന്നിരുന്ന തരം മാറ്റ നടപടികൾ ജൂലൈ 1 മുതൽ 6 കേന്ദ്രങ്ങളിലേക്ക് മാറും. ഇതിനാവശ്യമായ ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുണ്ട്. ഇതോടെ തരം മാറ്റ നടപടികൾ കൂടുതൽ വേഗതയിലാകും |

സെക്ഷൻ ഓഫീസർ